(ജെ) 6.6.1994 മുതലുള്ള സ്ഥിരനിയമനം അംഗീകരിച്ച് ശമ്പളം നൽകിയിട്ടുണ്ട്.

(കെ) ഉത്തരം 'എച്ച്'ന്റെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

(എൽ) ഇല്ല.

(എം) ട്രെയിൻഡ് ഗ്രാഡുവേറ്റിന് യു.പി.എസ്.എ./എൽ.പി.എസ്.എ. തസ്തികയിൽ നിയമനം നൽകാൻ പാടില്ല എന്ന സർക്കാർ ഉത്തരവിന്റെ പരിധിയിൽ നിന്നും റൂൾ 43 എ ക്ലെയിമെന്റിനെയും റൂൾ 51 എ ക്ലെയിമെന്റിനെയും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ശ്രീമതി ശോഭയുടെ കാര്യത്തിൽ പ്രസ്തുത സർക്കാർ ഉത്തരവ് ബാധകമല്ല എന്നു കണ്ടതുകൊണ്ടാണ് മാനേജർ നൽകിയ തെറ്റായ നിയമനം അദ്ദേഹം തന്നെ പിൻവലിച്ചത്.

**107 (1325) പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭിച്ച നിവേദനങ്ങൾ**

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി മുതൽ നവംബർ വരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ എം.എൽ.എ.മാരുടെ എത്ര നിവേദനങ്ങൾ ലഭിച്ചു;

(ബി) ഓരോ എം.എൽ.എ.മാരുടെയും എത്ര നിവേദനങ്ങൾ വീതം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) എത്രയെണ്ണത്തിന് ഇടക്കാല മറുപടി നൽകി;

(ഡി) എത്രയെണ്ണത്തിൽ തീർപ്പു കൽപ്പിച്ചു;

(ഇ) മറുപടി നൽകാത്ത കേസ്സുകളുണ്ടോ; എങ്കിൽ മറുപടി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)മുതൽ(ഇ)വരെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

**108 (1326) അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് സമ്പ്രദായം**

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ വർദ്ധിച്ചതോതിലും ഒരേ രീതിയിലുമല്ലാതെ ഫീസുകൾ ഈടാക്കി വരുന്നത് ഒഴിവാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്കൂളുകളിൽ ഫീസ് ഈടാക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള രേഖ മേശപ്പുറത്ത് വയ്ക്കുമോ;

(സി) സ്പെഷ്യൽ ഫീസ് ഇനത്തിലും മാസംതോറുമുള്ള ഫീസ് ഇനത്തിലും വലിയ തുക ഈടാക്കിവരുന്ന അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം

LIBRARY ARCHIVES Kerala Legislative Assembly